"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനലൂർ നഗരസഭ - ആധുനിക മീറ്റ് പ്രോസസ്സിംഗ് യൂണിറ്റിന്റെ നിർമ്മാണത്തിൽ സംഭവിച്ചിട്ടുള്ള ചട്ടലംഘനങ്ങൾക്ക് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2019 -ലെ ചട്ടം 3(4) (a)പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.988/2022/LSGD തീയതി,തിരുവനന്തപുരം, 21-04-2022

പരാമർശം:- 1. പുനലൂർ നഗരസഭ സെക്രട്ടറിയുടെ 08.10.2021 ലെ ഇ1/ഇ4-15564/17 നമ്പർ കത്ത്.

2. കൊല്ലം ജില്ലാ ടൗൺപ്ലാനറുടെ 09.11.2021 ലെ TCPKLM/441/2021-C നം.കത്തും,അനുബന്ധവും.

3. ചീഫ് ടൗൺ പ്ലാനറുടെ 13.02.2022 ലെ TCPCTP/2555/2021-C3 നമ്പർ കത്ത്.

**ഉത്തരവ്**

പുനലൂർ നഗരസഭയിൽ പുനലൂർ വില്ലേജിൽ സർവ്വേ നമ്പർ 480/7 എ, 480/7 ബി യിൽ ഉൾപ്പെട്ട 23.06 ആർ സ്ഥലത്ത് പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പുനലൂർ ശ്രീരാമവർമ്മപുരം മാർക്കറ്റ് ഉൾപ്പെടുന്ന സ്ഥലത്ത് 822.37 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ആധുനിക മീറ്റ് പ്രോസസ്സിംഗ് യൂണിറ്റ് നിർമ്മാണത്തിന് നഗരസഭ കൗൺസിലിന്റെ 26.09.2017 ലെ 15 ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയും, ടി നിർമ്മാണത്തിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും, ആയതിനാൽ പ്രസ്തുത മീറ്റ് പ്രോസസ്സിംഗ് യൂണിറ്റിന്റെ (Larage building, Rendering Unit, Isolation Ward, Dug Pit, Slaughter House ഉൾപ്പെടെ),നിർമ്മാണത്തിൽ സംഭവിച്ചിട്ടുള്ള ചട്ടലംഘനങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടം 3(4)(a) പ്രകാരം ഇളവ് അനുവദിക്കുന്നതിനായി നഗരസഭ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുള്ളതായും അറിയിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ സർക്കാരിലേക്ക് ശുപാർശ ലഭ്യമാക്കിയിരുന്നു.

2. ആധുനിക മീറ്റ് പ്രോസസ്സിംഗ് യൂണിറ്റാണ് ഇതെന്നും, ജി2 ഇൻഡസ്ട്രി ഒക്കുപ്പൻസിയിൽ വരുന്ന ടി നിർമ്മാണത്തിന് കെ.എം.ബി.ആർ. 2019, ചട്ടം 29 (പാർക്കിംഗ്), ചട്ടം 26 (തുറസ്സായ സ്ഥലം), ചട്ടം 28 (വഴിയുടെ വീതി), ചട്ടം 35(3) (റാമ്പിന്റെ സ്ലോപ്പ്) എന്നിവ ലംഘിക്കുന്നതായും, എന്നാൽ ആധുനിക അറവു ശാലകൾ നഗരപ്രദേശത്തെയും അതിനെ ആശ്രയിച്ച് കഴിയുന്ന ഗ്രാമീണ പ്രദേശത്തെയും ജനങ്ങൾക്ക് അത്യാവശ്യമായ ഒരു പൊതു

ഉപയോഗമാണെന്നും, ടി സ്ഥലം മൽസ്യ വ്യാപാരം നടത്തുന്ന മാർക്കറ്റിനുള്ളിലായതിനാൽ മാർക്കറ്റിന്റെ ഒരു അനുബന്ധ നിർമ്മാണമായി കണക്കിലെടുത്ത് കൊണ്ട് നിബന്ധനകൾക്ക് വിധേയമായി മേൽ ചട്ടങ്ങളിൽ ഇളവ് നൽകാവുന്നതാണെന്ന് ജില്ലാ ടൗൺ പ്ലാനർ ശുപാർശ ചെയ്തിരുന്നതായും, പരാമർശം(2) പ്രകാരം ചീഫ്ടൗൺ പ്ലാനർ അറിയിച്ചിരുന്നു.

3. പ്രസ്തുത മീറ്റ് പ്രോസസ്സിംഗ് യൂണിറ്റ് നിർമ്മാണ സ്ഥലം അംഗീകരിച്ച പുനലൂർ മാർക്കറ്റ് ഏരിയ DTP സ്കീം പ്രകാരം റെസിഡൻഷ്യൽ സോണിൽ വരുന്നു. ടി സോണിൽ മീറ്റ് പ്രോസസ്സിംഗ് യൂണിറ്റ് അനുവദിക്കാമെന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ലെങ്കിലും സമാനമായ ഹസാർഡ്സ് ഉപയോഗങ്ങൾ ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ അനുവദനീയമാണ് എന്നിരിക്കേ, ടി പ്ലാനുകൾ പരിശോധിച്ചതിൽ നിന്നും 3 കാർ പാർക്കിങ്ങിനുള്ള സ്ഥലം നിർദിഷ്ട സ്ലോട്ടർ ഹൗസിന്റെ മുൻവശം റോഡിനോട് ചേർന്നുള്ള സ്ഥലത്ത് നൽകാവുന്നതാണ് എന്നു കാണുന്നതായും, തുറസ്സായ സ്ഥലം സംബന്ധിച്ച ലംഘനങ്ങളിൽ Side Yard ലാണ് കൂടുതലും ലംഘനങ്ങളുള്ളതെന്നും, കവറേജ്, എഫ്.എസ്.ഐ ഇവ നിയമ വിധേയമാണ് എന്നും, Dung Pit അതിരിൽ നിന്നും 1.18 മീ. അകലത്തിലാണ് നൽകിയിരിക്കുന്നതെന്നും, എന്നാൽ ഖര ജല മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ വ്യക്തമാക്കിയിട്ടില്ലെന്നും ചീഫ് ടൗൺ പ്ലാനർ അറിയിച്ചതോടൊപ്പം. ജില്ലാ ടൗൺ പ്ലാനറുടെ ശുപാർശ, നഗരസഭ കൗൺസിൽ തീരുമാനം എന്നിവ കണക്കിലെടുത്ത് ചില നിബന്ധനകൾക്കു വിധേയമായി KMBR 2019 ചട്ടം 29 (പാർക്കിംഗ്), ചട്ടം 26 (തുറസ്സായ സ്ഥലം) ചട്ടം 28 (വഴിയുടെ വീതി). ചട്ടം 35 (3) (റാമ്പിന്റെ സ്ലോപ്പ് ) എന്നി ചട്ടങ്ങളിൽ ഇളവ് അനുവദിക്കാവുന്നതാണെന്നും, ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പുനലൂർ നഗരസഭയിൽ പുനലൂർ വില്ലേജിൽ സർവ്വേ നമ്പർ 480/7 എ, 480/7 ബി യിൽ ഉൾപ്പെട്ട 23.06 ആർ സ്ഥലത്ത് പുനലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പുനലൂർ ശ്രീരാമവർമ്മപുരം മാർക്കറ്റ് ഉൾപ്പെടുന്ന സ്ഥലത്ത് 822.37 ച.മീ വിസ്തൃതിയിൽ ആധുനിക മീറ്റ് പ്രോസസ്സിംഗ് യൂണിറ്റ് നിർമ്മാണത്തിൽ, സംഭവിച്ചിട്ടുള്ള ,കെ.എം.ബി.ആർ ചട്ടം 29 (പാർക്കിംഗ്), ചട്ടം 26 (തുറസ്സായ സ്ഥലം) ചട്ടം 28 (വഴിയുടെ വീതി). ചട്ടം 35 (3) (റാമ്പിന്റെ സ്ലോപ്പ് ) എന്നീ ചട്ടലംഘനങ്ങൾക്ക്, ജില്ലാ ടൗൺ പ്ലാനറുടെ ശുപാർശ, നഗരസഭ കൗൺസിൽ തീരുമാനം എന്നിവ കണക്കിലെടുത്തും, പൊതു ആവശ്യത്തിനായുള്ള നിർമ്മാണമെന്ന നിലയിലും, ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, കെ.എം.ബി.ആർ 2019 ചട്ടം3(4) .(a) പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കെ.എം.ബി.ആർ 2019 ചട്ടം 5(4) SL No.10 പ്രകാരം അഗ്നിശമനസേന ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിരിക്കണം.
2. കെ.എം.ബി.ആർ 2019 ചട്ടം 5(4) SL No.12 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. സ്ഥലപരിമിതി കണക്കിലെടുത്ത് പ്രോസ്സിംഗ് പ്ലാന്റിലേക്കുള്ള വാഹനങ്ങളുടെയും ആളുകളുടെയും പ്രവേശനം പരിമിത പ്പെടുത്തേണ്ടതാണ്.

4. പ്ലാന്റിന്റെ മുകളിലെ നിലയിലേക്കുള്ള റാംപിലൂടെ മൃഗങ്ങൾക്കും മനുഷ്യർക്കും സുഗമമായി കയറി ഇറങ്ങാവുന്ന വിധത്തിലുള്ള ചരിവാണ് (slop) നൽകുന്നതെന്ന് ഉറപ്പുവരുത്തണം.
5. പ്ലോട്ടിൽ നിലവിലുള്ള മറ്റ് കെട്ടിടങ്ങൾ അംഗീകൃതമായിരിക്കണം.
6. നിർമ്മാണ സ്ഥലത്ത് നല്കാവുന്ന പരമാവധി പാർക്കിംഗ് നൽകേണ്ടതാണ്.
7. പ്രസ്തുത നിർമ്മാണം പരിസരവാസികളുടെ സ്വൈര്യജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.
8. ഖരജല മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

മുഖ്യനഗരാസൂത്രകൻ , തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി പുനലൂർ നഗരസഭ.

ടൗൺ പ്ലാനർ, കൊല്ലം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ & പി.ആർ.ഡി./വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Suja S K**
**Date: 22-04-2022 16:21:09**
സെക്ഷൻ ഓഫീസർ